LIBRARY ARCHIVES Kerala Legislative Assembly

വ്യവസായപാർക്കുകളുടെ വിശദാംശം

160 (2190) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കേരള സിഡ്കോ സംസ്ഥാനത്ത് എത്ര വ്യവസായ പാർക്കുകളാണ് സ്ഥാപിച്ചിട്ടുള്ളത് ;

(ബി) തൃശ്ശൂർ ജില്ലയിൽ എത്ര പാർക്കാണ് സ്ഥാപിച്ചിട്ടുള്ളത് ; അത് ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സിഡ്കോയുടെ കീഴിൽ പുതിയ വ്യവസായ പാർക്കുകളൊന്നുംതന്നെ സ്ഥാപിച്ചിട്ടില്ല. എന്നാൽ തൃശ്ശൂർ ജില്ലയിലെ ചേലക്കരയിൽ പ്രവർത്തനരഹിത മായിരുന്ന വ്യവസായ പാർക്ക് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു.

സംസ്ഥാനത്ത് 'നാളികേര'പാർക്ക്

161 (2191) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് നാളികേര പാർക്ക് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ കോഴിക്കോട് മേപ്പയൂർ മണ്ഡലത്തിൽ കുറ്റ്യാടി വേളം പഞ്ചായത്തിൽ 131 ഏക്കർ സ്ഥലം ഏറ്റെടുത്ത് കേന്ദ്ര നാളികേര വികസന ബോർഡുമായി ചേർന്ന് ഒരു നാളികേര വ്യവസായ പാർക്ക് സ്ഥാപിക്കുവാനുള്ള നടപടി പുരോഗമിക്കുന്നു. ഏകദേശം 41 കോടി രൂപയോളം മുതൽമുടക്ക് പ്രതീക്ഷിക്കുന്നു.

യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിന്റെ പ്രവർത്തനം

162 (2192) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലത്തെ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തനം ഇപ്പോൾ ലാഭകരമായിട്ടാണോ നടക്കുന്നത് ; അല്ലെങ്കിൽ തന്നാണ്ടു നഷ്ടം എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പാലക്കാട് യു.എ.ഐ.യുടെ ഒരു യൂണിറ്റ് ആരംഭിച്ചിട്ടുണ്ടോ ; കൊല്ലത്ത് പ്രസ്തുത സ്ഥാപനം ലാഭകരമല്ലാത്തത് നിമിത്തം ഈ യൂണിറ്റ് പാലക്കാട്ടേക്ക് ഷിഫ്റ്റ് ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;